# പതിമൂന്നാം കേരള നിയമസഭ

ആറാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 1758 — 17-12-2012-ന് മറുപടി നൽകേണ്ടത്

## സപ്തധാരാ പദ്ധതി

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ. കെ.വി. അബ്ദുൾ ഖാദർ | ശ്രീ. ഉമ്മൻചാണ്ടി (മുഖ്യമന്ത്രി) |

| | ചോദ്യം | ഉത്തരം |
| --- | --- | --- |
| (എ) | 2011 നവംബർ 1-ന് മുഖ്യമന്ത്രി പ്രഖ്യാപിച്ച സപ്തധാരാ കർമ്മ പദ്ധതികളിൽ നാളിതുവരെ നടപ്പിലാക്കാൻ സാധിക്കാതെ വന്നത് ഏതൊക്കെയാണെന്ന് വിശദമാക്കാമോ; ഇവയിൽ പ്രവർത്തനോദ്ഘാടനം കഴിഞ്ഞവ ഏതെല്ലാം ; | **(എ) യും (ബി) യും**<br>ഒരു വർഷ കർമ്മപദ്ധതിയുടെ ഭാഗമായി മൊത്തം 664 പദ്ധതികളാണ് ഏഴിനങ്ങളിലായി പ്രഖ്യാപിച്ചത്. ഇതിൽ 374 എണ്ണം പൂർണ്ണമായി നടപ്പാക്കാനായി. 235 എണ്ണം നടപ്പാക്കിവരുന്നു. 91.71% നേട്ടം കൈവരിക്കാൻ സാധിച്ചു.<br>സേവനാവകാശ ബിൽ നിയമസഭ പാസ്സാക്കി. മാലിന്യ സംസ്കരണത്തിൽ 'സിയാൽ' മാതൃകയിൽ കമ്പനി രൂപീകരിക്കാൻ തീരുമാനിച്ചു. എമേർജിംഗ് കേരള വിജയകരമായി നടത്തി. അതിൽ ഉയർന്ന നിക്ഷേപ നിർദ്ദേശങ്ങളുടെ തുടർനടപടികൾക്കായി മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ ഇൻവെസ്റ്റ്മെന്റ് പ്രമോഷൻ കൗൺസിലും ചീഫ് സെക്രട്ടറി അദ്ധ്യക്ഷനായി ഇൻവെസ്റ്റ്മെന്റ് ക്ലിയറൻസ് ബോർഡും രൂപീകരിച്ചു. കൊച്ചി മെട്രോ റയിലിന് പ്രധാനമന്ത്രി തറക്കല്ലിട്ടു. തിരുവനന്തപുരം (5,100 കോടി), കോഴിക്കോട് (4,500 കോടി), മോണോ റയിൽ പദ്ധതികളിൽ കോഴിക്കോടിന്റെ നിർമ്മാണ പ്രവർത്തനം ആരംഭിച്ചു. വിഴിഞ്ഞം തുറമുഖത്തിനാവശ്യമായ റോഡ്, റയിൽ, വെള്ളം എന്നിവയുടെ പണികൾ തുടങ്ങി. സർക്കാർ ആശുപത്രികളിൽ 952 ഇനം ജനറിക് മരുന്നുകൾ സൗജന്യമായി നൽകുന്ന പദ്ധതി തുടങ്ങി, കണ്ണൂർ വിമാനത്താവളത്തിന്റെ |

(............2)

| | | |
|---|---|---|
| | | പരിസ്ഥിതി പഠനം പൂർത്തിയായി. തിരൂരിൽ മലയാളം സർവ്വകലാശാല സ്ഥാപിച്ചു. മലയാളം നിർബന്ധ ഭാഷയും ഒന്നാം ഭാഷയുമാക്കി ഉത്തരവായി തുടങ്ങി 664 ഇനങ്ങളാണ് സപ്തധാരാ പദ്ധതിയിലുൾപ്പെട്ടതിൽ നടപ്പിൽ വരുത്തിയ പ്രധാന പരിപാടികൾ. |
| (ബി) | പൂർത്തിയാക്കിയ പദ്ധതികൾക്കായി ചെലവായ തുക എത്ര; ഈ തുക വാർഷിക ബഡ്ജറ്റിന് പുറത്ത് സമാഹരിക്കപ്പെട്ടതാണോ; | **(ബി) യും (സി) യും**<br>സപ്തധാരാ പദ്ധതികൾക്ക് ആവശ്യമായ തുക ഓരോ പദ്ധതിയുടെയും വ്യാപ്തിക്കനുസൃതമായി ബഡ്ജറ്റിനു പുറത്തുനിന്നും സമാഹരിക്കുകയാണ് ചെയ്യുന്നത്. |
| (സി) | വാർഷിക ബഡ്ജറ്റിലെ പദ്ധതികളും സപ്തധാരാ പദ്ധതികളും വേറിട്ടതാണോ; ബഡ്ജറ്റിൽ പണം വകയിരുത്തപ്പെട്ട പദ്ധതികൾ തന്നെയാണോ സപ്തധാരാ പദ്ധതി എന്ന പേരിലും അറിയപ്പെടുന്നത്; വിശദമാക്കാമോ; | |
| (ഡി) | സപ്തധാരാ പദ്ധതിയുടെ പ്രവർത്തന പുരോഗതി റിപ്പോർട്ടിന്റെ ഒരു പകർപ്പ് ലഭ്യമാക്കുമോ ? | (ഡി) സപ്തധാരാ പദ്ധതിയുടെ പ്രവർത്തന പുരോഗതി റിപ്പോർട്ട് അനുബന്ധമായി വച്ചിരിക്കുന്നു |

സെക്ഷൻ ഓഫീസർ

**അനുബന്ധം ലൈബ്രറിയിൽ ലഭ്യമാണ്**